**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1833

01.02.18 - ൽ മറുപടിക്ക്.

## വികസന അതോറിറ്റി സെക്രട്ടറി നിയമനം

| ചോദ്യം<br>ശ്രീ.പി.ടി.തോമസ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് പ്രകാരം വികസന അതോറിറ്റിയുടെ സെക്രട്ടറി നഗര-ഗ്രാമാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ ഖണ്ഡിക 54-ൽ വികസന അതോറിറ്റിയിലെ ജനറൽ കൗൺസിലിൽ ഉൾപ്പെട്ട അംഗങ്ങളുടെ വിഷയത്തിൽ ഉപഖണ്ഡിക (എഫ്) പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, നഗര-ഗ്രാമാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ജി.സി.ഡി.എ.യിൽ സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന് നിശ്ചിത യോഗ്യതയുണ്ടോ; വിശദമാക്കാമോ? | (ബി) & (സി) | ജി.സി.ഡി.എ. യിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ ശ്രീ എം.സി.ജോസഫിന് 17.11.2016 ലെ ജി.ഒ.(ആർ.ടി) 3116/2016/തസ്വഭവ നം. ഉത്തരവ് പ്രകാരം 17.11.2016 അപരാഹ്നം മുതൽ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നല്കിയിട്ടുണ്ട്. |
| (സി) | എന്നുമുതൽ ടിയാൻ ഈ പദവിയിൽ തുടരുന്നു; നിശ്ചിത യോഗ്യതയില്ലെങ്കിൽ പ്രസ്തുത നിയമലംഘനം ഉടൻ തിരുത്തുവാൻ സർക്കാർ തയ്യാറാകുമോ; | | |
| (ഡി) | ജി.സി.ഡി.എ. യിൽ സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥനായ ശ്രീ. എം.സി. ജോസഫ് അതോറിറ്റി ഫണ്ടിൽ നിന്നും ഭവനനിർമ്മാണ വായ്പ എടുത്ത് ദുരുപയോഗം ചെയ്ത കാര്യത്തിൽ അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ